II. അറിയിപ്പ്

ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം ലഭിക്കാത്തതു സംബന്ധിച്ച്

[9.30 am] മി. സ്പീക്കർ : ഓർഡർ, ഓർഡർ. 21.6.1999 ലെ ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാത്തതിനെ സംബന്ധിച്ച് ശ്രീ. കെ. സി. വേണുഗോപാലിന്റെ ഒരു കത്ത് ലഭിക്കുകയും, അതിന്റെ അടിസ്ഥാനത്തിൽ ചില നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതിൽ പ്രധാനമായിട്ടും മുഖ്യമന്ത്രിയുടെ വകുപ്പുമായി ബന്ധപ്പെട്ട ചോദ്യങ്ങളെ സംബന്ധിച്ചായിരുന്നു പ്രശ്നങ്ങൾ ഉന്നയിച്ചിരുന്നത്. 21.6.99-ൽ ആകെ 174 ചോദ്യങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് 113 ചോദ്യങ്ങൾ ഉണ്ടായിരുന്നു. ആ 113 ചോദ്യങ്ങളിൽ 70 എണ്ണത്തിന്റെ ഉത്തരം യഥാസമയം 20.6.99-ൽ തന്നെ നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭിച്ചിരുന്നു. എന്നാൽ ബാക്കിയുള്ള 43 ചോദ്യങ്ങൾക്കുള്ള ഉത്തരം ചോദ്യദിവസം 21.6.99 നാണ് ഇവിടെ ലഭിച്ചത്. സാധാരണ നമ്മൾ തലേദിവസം, പിന്നെ ചോദ്യ ദിവസം രാവിലെ 8 മണിവരെയും കൂടി നോക്കിയിട്ടാണ് ക്രമീകരണങ്ങൾ വരുത്തുന്നത്. അങ്ങനെ ആ ചോദ്യം അന്ന് ഇവിടെ എത്തുന്നതിൽ കാലവിളംബം വന്നു പോയി. എന്നാൽ 21.6.99-ൽ തന്നെ അവിശേഷിച്ച 43 ചോദ്യങ്ങളുടെ ഉത്തരവും ഇവിടെ എത്തിച്ചിരുന്നു. അത് ഇതിന്റെ ഭാഗമായി മാറി കഴിഞ്ഞിരിക്കുകയാണ്. ചോദ്യം എന്നാണ് ഇവിടെ കിടക്കേണ്ടതെന്നും, എന്നാണ് നിങ്ങൾക്ക് കിട്ടുന്നതെന്നും, പിന്നെ വന്നാൽ എന്താണ് സംഭവിക്കുന്നത് എന്നൊക്കെയുള്ളതിനെക്കുറിച്ച് ഒരു നടപടിക്രമം ഇവിടെയുണ്ട്. അതിനനുസരിച്ചാണ് കാര്യങ്ങൾ പോയിക്കൊണ്ടിരിക്കുന്നത്. പക്ഷെ നമ്മുടെ നടപടിക്രമമനുസരിച്ച് തലേ ദിവസം കിട്ടുന്നതാണ് എടുക്കുന്നത്. രാത്രിവരെ നോക്കും. പിന്നെ ഇപ്പോൾ ഞാൻ ഒരു പ്രത്യേക കാര്യം കൂടി ചെയ്തിട്ടുള്ളത്. അന്നു രാവിലെ എട്ടു മണിക്കുമുൻപ് വരുന്നതും എടുക്കും. കാരണം എട്ടരക്കാണല്ലോ ചോദ്യോത്തരസമയം തുടങ്ങുന്നത്. പക്ഷെ അതിനുശേഷം വരുന്നത് ഉൾപ്പെടുത്താൻ നമുക്ക് കഴിയില്ല. അന്നത്തേത് എന്തായാലും കഴിയില്ല. പിന്നെ അത് ഉൾപ്പെടുത്തുന്നതു സംബന്ധിച്ചുള്ള നടപടിക്രമം. ഇവിടെ പഴയ നടപടിക്രമം എന്നുപറഞ്ഞാൽ പിന്നെ ബുള്ളറ്റിൻ ആയിട്ടാണ് വരിക. ഇതൊക്കെ പഴയ സിസ്റ്റമാണ്. പഴയ സിസ്റ്റം എന്നുപറഞ്ഞാൽ അൺ-ലിമിറ്റഡ് ക്വസ്റ്റ്യന്റെ ഒരു കാലഘട്ടം. ഇപ്പോൾ അതൊക്കെ മാറിയല്ലോ. അതുകൊണ്ട് തലേദിവസമാണ് ലഭിക്കേണ്ടത് എങ്കിലും അന്നു ലഭിക്കാതെ അവശേഷിക്കുന്നത് അന്നുവന്നാൽ അത് വളരെ പെട്ടെന്ന്, കഴിയുന്നതുവേഗം അംഗങ്ങൾക്ക് എത്തിക്കാനുള്ള പുതിയ മാർഗ്ഗം എന്താണെന്ന് ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അന്നുതന്നെ എത്തിക്കാൻ കഴിയുമോ? ഇല്ലെങ്കിൽ ഇപ്പോഴത്തെ സിസ്റ്റമാണെങ്കിൽ ചിലപ്പോൾ ബുള്ളറ്റിനായിട്ട് വരുമ്പോൾ എത്ര ദിവസം വേണ്ടിവരും. ഒരാഴ്ചവരെ എടുക്കാം. നെക്സ്റ്റ് മൺഡേ വരെയാകാം. മെമ്പർമാർ കാര്യങ്ങൾ മനസ്സിലാക്കാൻ വേണ്ടി പറയുകയാണ്. അങ്ങനെയാണ് സംഗതി. മുഖ്യമന്ത്രിയുടെ ചോദ്യങ്ങൾക്ക് തലേദിവസമല്ല അന്ന് എല്ലാ ചോദ്യങ്ങൾക്കും മറുപടി ലഭിച്ചു എങ്കിലും ശ്രീ. കെ.സി. വേണുഗോപാൽ കത്ത് തന്നു. അദ്ദേഹത്തോടു ഞാൻ പറഞ്ഞു പരിശോധിച്ചതിനുശേഷമേ മറുപടി പറയാൻ കഴിയുകയുള്ളൂ. അതുകൊണ്ട് അദ്ദേഹം ഒരു ദിവസം വെയിറ്റ് ചെയ്തു. അടുത്ത ദിവസം അദ്ദേഹം ഉന്നയിച്ചു. ഉന്നയിച്ചപ്പോൾ മുഖ്യമന്ത്രിക്കും എനിക്കും അതിനെ സംബന്ധിച്ച് വ്യക്തമായ മറുപടി അവിടെ പറയാൻ കഴിഞ്ഞില്ല. ഞങ്ങൾ വീണ്ടും പരിശോധിച്ചു. മുഖ്യമന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

യുടെ ഓഫീസിൽ വളരെ ഗൗരവമായിട്ട് അക്കാര്യത്തെ സംബന്ധിച്ച് പരിശോധിച്ചു. മുഖ്യമന്ത്രി തന്നെ എനിക്ക് ഒരു കത്ത് നേരിട്ട് തന്നിട്ടുണ്ട്. അപ്പോൾ അത് 21-ാം തീയതി കഴിഞ്ഞ്, 22-ാം തീയതി ഇവിടെ ഉന്നയിക്കുമ്പോൾ യഥാസമയം മറുപടി പറയാൻ കഴിയാതിരുന്നതിൽ ഒരു വീഴ്ചയുണ്ട്. ആ വീഴ്ച എന്തുകൊണ്ടാണ് ഉണ്ടായത് എന്നുള്ളത് പരിശോധിച്ചു, യഥാസമയം മറുപടി പറയണ്ടേ, പറഞ്ഞാൽ അപ്പോൾ തീരാവുന്ന പ്രശ്നമേയുള്ളൂ. പലതും. അൽപ്പം താമസിച്ചതിന്റെ കാര്യം വേറെയുണ്ട്. എന്നാലും ആ സമയത്ത് മറുപടി പറയാൻ കഴിയാത്തതിന്റെ വീഴ്ചയെ സംബന്ധിച്ച് പരിശോധിച്ച് യുക്തമായ നടപടി സ്വീകരിക്കും. മുഖ്യമന്ത്രി ഒപ്പിട്ട ചോദ്യങ്ങൾ, 5 ചോദ്യം അന്നു തന്നെ വരാവുന്നത് എത്തിയിട്ടില്ലെന്ന് കാണിച്ചുകൊണ്ട് മുഖ്യമന്ത്രി തന്നെ അതിനെ സംബന്ധിച്ച് പരിശോധിച്ച് നടപടി എടുത്തിട്ടുണ്ട്. ആ ഗൗരവം കൂടി വച്ചുകൊണ്ട് ഇവിടെ കൂടുതൽ പരിശോധിച്ച് യുക്തമായ നടപടി എടുക്കുന്നതാണ്. അത് നല്ല ഒരു സംഗതിയായിട്ടാണ് കണക്കിലെടുക്കേണ്ടത്. ബാക്കിയുള്ള ചോദ്യങ്ങളെ സംബന്ധിച്ചൊന്നും ഇവിടെ വന്നിട്ടില്ല. വളരെ ചിട്ടയായിട്ട് കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയും. കുറച്ചുകൂടി കാര്യക്ഷമമായിട്ട് കാര്യങ്ങൾ ചെയ്യുന്നതിനുവേണ്ടി ചില പുത്തൻ കാര്യങ്ങൾ ചെയ്യാൻ ഞാൻ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ടി.എം. ജേക്കബ്</u> : സർ, ശ്രദ്ധിക്കേണ്ട സംഗതി എന്നുപറയുന്നത് മറുപടി തരാത്തത് ഇൻ കൺവീനിയൻസുള്ള ക്വസ്റ്റ്യൻസിനാണ്. അത് അങ്ങ് ഒന്ന് പരിശോധിക്കണം. അതാണ് മാറ്റിവച്ചത്. 70 ക്വസ്റ്റ്യൻസിന് മറുപടി തന്നു, 43 എണ്ണത്തിന് തന്നില്ല. അത് ഒന്ന് പരിശോധിക്കണം.

റൂളിംഗ്

<u>മി. സ്പീക്കർ</u> : അങ്ങ് പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്, ആ ചോദ്യങ്ങൾ മുഴുവനും പരിശോധിച്ചിട്ടാണ് ഞാൻ പറയുന്നത്. ഇന്നലെയും മിനിഞ്ഞാന്നുമായിട്ട് മറപുടി തരാത്ത ക്വസ്റ്റ്യൻസ് ഒന്നും ഇല്ല. 21-ാം തീയതിയിലെ 113 ചോദ്യങ്ങൾക്കും മറുപടി ലഭിച്ചു കഴിഞ്ഞിരിക്കുന്നു. 20-ാം തീയതി 70 ചോദ്യങ്ങൾക്കും ബാക്കി 43 ചോദ്യങ്ങൾക്ക് 21-ാം തീയതിയും മറുപടി ലഭിച്ചുകഴിഞ്ഞു. പിന്നെ ഇൻ-കൺവീനിയൻസിന്റെ പ്രശ്നമെന്താ?

<u>ശ്രീ. ടി.എം. ജേക്കബ്</u> : ഇതുവരെ ഞങ്ങൾക്ക് കിട്ടിയോ?

<u>മി. സ്പീക്കർ</u> : അത് ഞാൻ പറഞ്ഞല്ലോ, ഈ സഭയിൽ തുടർന്നു വരുന്ന ഒരു നടപടിക്രമമാണ്. ഇവിടെ താമസിച്ചു വരുന്ന ചോദ്യങ്ങൾ എങ്ങനെ നിങ്ങളിൽ എത്തും എന്നുള്ളത് ഒരു നടപടിക്രമമാണ്. ഇവിടെ തുടർന്നുവരുന്ന കാര്യമാണ് പുതിയതായിട്ടുള്ള കാര്യമല്ല. ഇവിടെ ബുള്ളറ്റിൻ അനുസരിച്ചാണ് കിട്ടുക. ഇപ്പോഴത്തെ സംവിധാനത്തിൽ എന്തു മാറ്റം വരുത്താൻ കഴിയും എന്നുള്ളത് ഞാൻ ഗൗരവമായി പരിശോധിക്കുകയാണ്. വളരെ പെട്ടെന്നുതന്നെ അതിനെ സംബന്ധിച്ച് അറിയിപ്പുണ്ടാകും.

ഇന്ന് ഒരു അടിയന്തിര പ്രമേയത്തിന്റെ നോട്ടീസ് ചെയറിന് ലഭിച്ചിട്ടുണ്ട്. ആ വിഷയം ഇന്നലെ അവതരിപ്പിച്ച അടിയന്തിര പ്രമേയത്തിന്റെ തുടർച്ച എന്ന നിലയിൽ ആയതുകൊണ്ട് അത് അനുവദിക്കാൻ നിർവ്വാഹമില്ല എന്നകാര്യം ചെയർ ആമുഖമായിട്ട് അറിയിക്കുകയാണ്. (ബഹളം .....)

ഓർഡർ ..... ഓർഡർ ..... (ബഹളം .....)

LIBRARY ARCHIVES Kerala Legislative Assembly